# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 13, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 325)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 968 മുതൽ 1096 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 1097 മുതൽ 1165 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 1166 മുതൽ 1206 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 1207 മുതൽ 1292 വരെ |

## പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

968 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ മേഖലയുടെ പുരോഗതി</u>

969 ശ്രീ. സി. പി. മുഹമ്മദ്
'' റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നിലവിലുള്ള വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്;

(സി) എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

970 ശ്രീ. എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് നിലവിലുള്ള സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്;

(സി) ഈ അദ്ധ്യയനവർഷം മുതൽ ഇത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കൽ</u>

971 ശ്രീ.സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ വിഭാഗം കുട്ടികൾക്കും അവരുടെ വാസസ്ഥലത്തിന് അടുത്ത് പ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പരമാവധി സ്ഥലങ്ങളിൽ എൽ.പി., യു.പി. വിഭാഗങ്ങൾ അനുവദിച്ച് എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളിലെ അവധിക്കാല ക്ലാസുകൾ</u>

972 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനലവധിക്കാലത്ത് എൽ.കെ.ജി. മുതൽ പ്ലസ് ടു വരെയുളള കുട്ടികൾക്ക് അൺഎയ്ഡഡ് സ്കൂളുകളിൽ ക്ലാസ്സ് നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ക്ലാസ്സുകൾ നിരോധിച്ചുകൊണ്ടുളള ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ അത് നടപ്പിലാക്കാത്ത മാനേജുമെന്റുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) കൂടുതൽ കുട്ടികൾക്ക് തങ്ങളുടെ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നതിനുള്ള മത്സരമാണ് ഇത്തരം മാനേജ്മെന്റുകൾ തുടരുന്നതെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളെ ആകർഷിക്കാനുളള നടപടി കൂടിയാണിതെന്നതിനാൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>സമഗ്ര അദ്ധ്യാപക പാക്കേജ്</u>

973 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര അദ്ധ്യാപക പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സമഗ്ര അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പാക്കേജിന്റെ നടപ്പാക്കൽ എന്ന് പൂർണ്ണമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അണ്‍ - എയ്ഡഡ് സ്കൂളുകള്‍ക്ക് അംഗീകാരം</u>

974 ശ്രീ. സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അണ്‍ - എയിഡഡ് മേഖലയില്‍ നല്ല നിലയില്‍ പ്രവര്‍ത്തിക്കുന്ന വിദ്യാലയങ്ങള്‍ക്ക് അംഗീകാരം നല്‍കുന്നതിനുള്ള നടപടികള്‍ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) അണ്‍ - എയിഡഡ് മേഖലയില്‍ 2011 ന് മുമ്പ് പ്രവര്‍ത്തിച്ച് വരുന്ന മുഴുവന്‍ സ്ക്കൂളുകള്‍ക്കും അനുമതി നല്‍കുന്നതിന് നടപടികള്‍ ഉണ്ടാകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പ്ലസ് ടുവിന് അധിക ബാച്ചുകൾ</u>

975 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി ജയിച്ച എല്ലാ കുട്ടികൾക്കും പ്ലസ്ടു പഠനത്തിന് അവസരം നല്കുന്നതിന് സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് എന്നിവയിൽ അധിക ബാച്ച് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം അധിക ബാച്ചുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ മലപ്പുറം മണ്ഡലത്തിലെ പ്രധാന സ്ക്കൂളുകളെയെല്ലാം അതിനായി പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

എയിഡഡ് സ്കൂളുകളിലെ ആശ്രിത നിയമനം

T976 ശ്രീ.കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിഡഡ് സ്ക്കൂൾ അദ്ധ്യാപകർക്ക് ആശ്രിത നിയമന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) സർവ്വീസ്സിലിരിക്കെ മരണപ്പെടുന്ന എയിഡഡ് സ്ക്കൂൾ ആദ്ധ്യാപകരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാകുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>പാഠപുസ്തക വിതരണം</u>

977 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപേ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പാഠപുസ്തകങ്ങൾ എത്തിയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

978 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "സമഗ്ര വിദ്യാഭ്യാസ പദ്ധതി" കൊല്ലം ജില്ലയിലെ ഏതൊക്കെ നിയമസഭാ നിയോജകമണ്ഡലങ്ങളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് .

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമൂലം പഠന, പഠനേതര വിഷയങ്ങളിൽ എന്തൊക്കെ നേട്ടങ്ങളാണ് ലക്ഷ്യമിടുന്നത് ; വിശദാംശം അറിയിക്കുമോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുവാൻ വേണ്ടി വരുന്ന തുക ഏതൊക്കെ മേഖലകളിൽ നിന്നാണ് കണ്ടെത്തുന്നത് ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് നടപടി</u>

979

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് വകയിരുത്തിയ തുക ചെലവഴിക്കപ്പെടാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് തടസ്സമായിട്ടുളള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ജില്ലയിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുളള നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>'സ്മാർട്ട് ക്ലാസ്സ്' പദ്ധതി</u>

980 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 'സ്മാർട്ട് ക്ലാസ്സ്' പദ്ധതിയിൻകീഴിൽ എത്ര വിദ്യാലയങ്ങളെ സജ്ജമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ; ഇതിനു വേണ്ടി വിദ്യാഭ്യാസ വകുപ്പ് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ.പദ്ധതിയിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ സ്കൂളുകൾ</u>

981 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു എന്നുളളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനുളള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ആരംഭിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(സി) ഈ അധ്യയനവർഷത്തിൽ പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. പദ്ധതി</u>

982 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര യു.പി സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ വികസനത്തിന് എത്ര രൂപയാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര രൂപ ഇതുവരെ ലഭിച്ചു; ഇതിൽ എത്ര രൂപ ചെലവഴിച്ചു;

(സി) എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കാവുന്നത്; ഈ തുക വിനിയോഗിക്കാനായി ആർക്കാണ് കൈമാറിയിട്ടുള്ളത്; വിനിയോഗിച്ച തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ടവർ ഹാജരാക്കിയിട്ടുണ്ടോ;

(ഡി) കെട്ടിട നിർമ്മാണം, അധ്യാപക നിയമനം, പഠനോപകരണം വാങ്ങൽ എന്നിവയ്ക്ക് ഈ തുക വിനിയോഗിക്കാമോ;

(ഇ) അർ.എം.എസ്.എ പ്രവർത്തനങ്ങൾക്ക് സംസ്ഥാനതലത്തിലും ജില്ലതലത്തിലും നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥന്മാർ ആരെല്ലാം;

(എഫ്) എസ്.എസ്.എ. മാതൃകയിൽ സംസ്ഥാന തലം മുതൽ താഴോട്ട് ആർ.എം.എസ്.എ യ്ക്ക് ഔദ്യോഗിക സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകൾക്ക് പൈതൃക പദവി</u>

983 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൻപതു വർഷത്തിലധികം പഴക്കമുള്ളതും മൂവായിരത്തിലധികം കുട്ടികൾ പഠിക്കുന്നതുമായ എത്ര ഹൈസ്കൂളുകളാണ് സംസ്ഥാനത്തുള്ളത്;

(ബി) ഇത്തരം എത്ര സ്കൂളുകളാണ് കണ്ണൂർ ജില്ലയിലുള്ളത്; അവ ഏതെല്ലാം;

(സി) ഇത്തരം സ്കൂളുകൾക്ക് പൈതൃക പദവി നൽകി സംരക്ഷിക്കുന്നതിന് എന്തു പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) ഇതിനായി എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്;

(ഇ) ഇത്തരം സ്കൂളുകളിൽ എന്തെല്ലാം പദ്ധതികളാണു നടപ്പിലാക്കുന്നത്?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

സി-ആപ്റ്റിൽ നടപ്പാക്കിയ പദ്ധതികൾ

984 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി-ആപ്റ്റിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് രേഖാമൂലം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ഥാപനത്തിന് സാമ്പത്തികമായി ലാഭം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണക്ക് സഹിതം വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) സി-ആപ്റ്റിൽ വിവിധ തസ്തികകളിലായി മരിച്ചുപോയവർ, മറ്റ് ജോലികിട്ടി പോയവർ, സ്വയം പിരിഞ്ഞുപോയവർ എന്നീ വിഭാഗങ്ങളിലായി എത്ര ഒഴിവുകളുണ്ട് ; തസ്തികയും, പേരും തിരിച്ച് രേഖാമൂലം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

2012-13 വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

985 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ വന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത് എന്ന് അറിയിക്കാമോ; ഓരോന്നിന്റെയും വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം

986 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് മേഖലകളിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്നു; മേഖല തിരിച്ച് ജില്ലാ തല കണക്ക് ലഭ്യമാക്കുമോ;

(ബി) വിവിധ വിഷയങ്ങളിലായി എത്ര ഹയർ സെക്കണ്ടറി സീറ്റുകൾ നിലവിലുണ്ട്; ഓരോ വിഷയത്തിലുമുള്ള സീറ്റുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ നൽകുമോ;

(സി) ഐ.ടി.ഐ, പോളിടെക്നിക്കുകൾ, വി.എച്ച്.എസ്.ഇ എന്നീ വിഭാഗങ്ങളിലായി എത്ര സീറ്റുകൾ ഉണ്ട്;

(ഡി) 2013 മാർച്ചിൽ എസ്.എസ്.എൽ.സി എഴുതിയ എത്ര പേർ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടി; ജില്ലാ തല കണക്ക് വഭ്യമാക്കുമോ;

(ഇ) ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജില്ലാ തല ഓഫീസുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(എഫ്) ഉപരിപഠനാർഹത നേടിയ എല്ലാവർക്കും ഹയർ സെക്കണ്ടറിയിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വൈകല്യം ബാധിച്ച സ്കൂൾ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ</u>

987 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈകല്യം ബാധിച്ച സ്കൂൾ വിദ്യാർത്ഥികൾക്ക് എസ്.എസ്.എ വഴി വിതരണം ചെയ്യുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന തുകയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ഇത്തരത്തിൽ വാങ്ങിയ ഉപകരണങ്ങൾ നിലവാരമില്ലാത്തവയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരമുള്ള കമ്പനികളിൽ നിന്നും പർച്ചേസ് നടത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ മറ്റേതെല്ലാം കമ്പനികളിൽ നിന്നാണ് പർച്ചേസ് നടത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

സ്കൂൾ പാഠ്യപദ്ധതിയിൽ മാനവിക വിഷയങ്ങൾക്ക് പ്രാധാന്യം

988 ശ്രീ. എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ വയോജന പരിപാലനം , ക്ഷേമം, പൗരബോധം എന്നീ മേഖലകൾക്ക് വേണ്ടത്ര പ്രാധാന്യം നല്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയ്ക്ക് പ്രാധാന്യം നല്കി പാഠപുസ്തക പരിഷ്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) മാനവിക വിഷയങ്ങളിൽ പുതുതലമുറയ്ക്ക് ആവശ്യമായ അറിവ് ലഭിക്കുംവിധം പാഠ്യപദ്ധതിയിലും പരിശീലന പരിപാടിയിലും മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>സ്കൂൾതലത്തിൽ വിവര സാങ്കേതികവിദ്യ പദ്ധതി</u>

989 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾതലത്തിൽ വിവരസാങ്കേതിക വിദ്യ നടപ്പാക്കുന്നതിനുള്ള പദ്ധതി പ്രകാരം 2011-12, 2012-13 വർഷങ്ങളിൽ കൊല്ലം ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മേൽ സൂചിപ്പിച്ച വർഷങ്ങളിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചെന്നും നടത്തിയ പ്രവർത്തികൾ എന്തെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ യാത്രാ സുരക്ഷ</u>

990 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ യാത്ര സുരക്ഷിതമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

വിദ്യാർത്ഥികളിലെ സാമൂഹ്യ പ്രതിബദ്ധത

991 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലെ സാമൂഹ്യ പ്രതിബദ്ധത വിലയിരുത്തിയിട്ടുണ്ടോ;

(ബി) അവരിൽ സാമൂഹ്യ ബോധം വളർത്തിക്കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് നിശ്ചിത ദിവസത്തെ സാമൂഹ്യ പ്രവർത്തനം സിലബസിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പ്ലസ്ടു സീറ്റുകള്‍</u>

992 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്ലസ്ടുവിന് എത്ര സീറ്റാണ് ഉള്ളത്;

(ബി) കഴിഞ്ഞ വര്‍ഷം എത്ര സീറ്റാണ് ഇതില്‍ ഒഴിഞ്ഞുകിടന്നത്;

(സി) ഇപ്രാവശ്യം എസ്.എസ്.എല്‍.സി. പാസായത് എത്ര പേരാണ്;

(ഡി) ഇപ്രാവശ്യം പുതുതായി പ്ലസ്ടു സ്കൂളുകളും അധിക ബാച്ചുമായി എത്ര സീറ്റാണ് ഉണ്ടാവുക;

(ഇ) ഇത്രയും സീറ്റുകളിലേക്ക് ആവശ്യമായ വിദ്യാര്‍ത്ഥികള്‍ സംസ്ഥാനത്ത് ഇല്ല എന്നിരിക്കെ കൂടുതല്‍ സീറ്റുകള്‍ അനുവദിച്ചത് എന്തിനാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്</u>

993 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2011-12, 2012-13 അദ്ധ്യയനവർഷങ്ങളിൽ ആറാം പ്രവൃത്തി ദിന കണക്കെടുപ്പുപ്രകാരം സർക്കാർ, എയ്ഡഡ് മേഖലകളിലെ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ എത്ര വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുണ്ടായെന്ന് ജില്ലതിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കാരണം എത്ര അദ്ധ്യാപകരുടെ തൊഴിൽ നഷ്ടമായിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപകപാക്കേജ് പ്രകാരം ഇതിൽ എത്ര അദ്ധ്യാപകരുടെ തൊഴിൽ സംരക്ഷിച്ച് വേതനം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 13.06.2013–ലെ മറുപടിക്ക്

<u>സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണവും - പഠന നിലവാരവും</u>

994 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ 2013 -14 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളെത്ര; ഇത് 2012 -13 ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 2013 -14 അദ്ധ്യയന വർഷം എത്ര കുട്ടികൾ പഠിക്കുന്നു; ആയത് 2012 -13 -ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ;

(സി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾ സി. ബി. എസ്.ഇ/ഐ. സി. എസ്.ഇ/ഐ. എസ്.സി. വിഭാഗത്തിലേക്ക് കൊഴിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ എണ്ണമെത്ര; ഇതിൽ എത്ര അദ്ധ്യാപകുരടെ മക്കൾ സി. ബി. എസ്.ഇ/ഐ. സി. എസ്.ഇ/ഐ. എസ്.സി എന്നിവയിലൂടെ വിദ്യാഭ്യാസം ഇപ്പോൾ നടത്തിവരുന്നു; വ്യക്തമാക്കുമോ;

(ഇ) മതിയായ അദ്ധ്യയനം ലഭ്യമല്ലാത്തതിനാലാണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നും മറ്റ് മേഖലകളിലേക്ക് രക്ഷകർത്താക്കൾ കുട്ടികളെ മാറ്റുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാനായി ഇംഗ്ലീഷ് പ്രധാനവിഷയമായി യോഗ്യത നേടിയ എത്ര അദ്ധ്യാപകരാണ് നിലവിലുള്ളത്; ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഉള്ള എത്ര അദ്ധ്യാപകരാണ് ആകെ വേണ്ടത്; വിശദമാക്കുമോ;

(ജി) സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് ശാസ്ത്രീയമായ സർവ്വേ നടത്തുന്ന 'പ്രഥം' എന്ന ഏജൻസിയുടെ 2012 -ലെ ആനുവൽ

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ട് (അസർ) പ്രകാരം കേരളം ഓരോ വിഭാഗത്തിലും എത്രാമത്തെ സ്ഥാനത്താണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അധ്യാപക വിദ്യാർത്ഥി അനുപാതം</u>

995 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ അധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തുന്നത് കുട്ടികളുടെ പഠനനിലവാരത്തെ ദോഷകരമായി ബാധിക്കുമെന്നും അത് സർക്കാർ-എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് പ്രതികൂലമാകുമെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും പുതിയ മാറ്റങ്ങൾ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ സ്കൂൾ മാറ്റം</u>

996 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് സ്കൂൾ മാറ്റം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) അൺ എയ്ഡഡ് സ്കൂളിൽ പ്ലസ് വൺ പഠിച്ച വിദ്യാർത്ഥിക്ക് പ്ലസ് ടുവിന് മറ്റൊരു ജില്ലയിലെ ഗവൺമെന്റ് അൺ എയ്ഡഡ്/എയ്ഡഡ് സ്കൂളിൽ പ്രവേശനം ലഭിക്കുന്നതിന് അർഹത ഉണ്ടോ;

(സി) എങ്കിൽ ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അര്‍ക്കന്നൂര്‍ വൊക്കേഷണല്‍ ഹയര്‍ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ എണ്ണം</u>

997 ശ്രീ.എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയില്‍പ്പെട്ട അര്‍ക്കന്നൂര്‍ വൊക്കേഷണല്‍ ഹയര്‍ സെക്കന്ററി സ്കൂളിലെ 8,9,10 തുടങ്ങിയ ക്ലാസ്സുകളില്‍ കഴിഞ്ഞ രണ്ട് വര്‍ഷങ്ങളിലെ കുട്ടികളുടെ എണ്ണം എത്രയാണ്;

(ബി) പ്രസ്തുത ക്ലാസ്സുകളില്‍ എത്ര ഡിവിഷനുകള്‍ നിലവില്‍ ഉണ്ട്;

(സി) സൂപ്പര്‍ചെക്സെല്‍ ഈ സ്കൂള്‍ സന്ദര്‍ശിച്ചിട്ടുണ്ടോ; കഴിഞ്ഞ രണ്ട് വര്‍ഷങ്ങളിലെ സൂപ്പര്‍ചെക്സെല്‍ ഈ സ്കൂളില്‍ സന്ദര്‍ശിച്ചിട്ടുണ്ടെങ്കില്‍ എന്തു റിപ്പോര്‍ട്ടാണ് നല്‍കിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദമാക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം</u>

998 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യൂ. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി തലത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും കൗമാരക്കാരായ ഈ വിഭാഗത്തിന് മൂല്യാധിഷ്ഠിതവും സാൻമാർഗ്ഗികാടിത്തറയുള്ളതുമായ വിദ്യാഭ്യാസം നല്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ബി) ഇതിനായി മതിയായ എണ്ണം ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കുട്ടികളുടെ പഠന നിലവാരം</u>

999 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., പ്ലസ്ടു എന്നിവയുടെ വിജയശതമാനം കുറഞ്ഞുപോകാതെ നിലനിർത്തുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; തൽഫലമായിട്ടാണോ വിജയശതമാനം താഴാതെ നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഉയർന്ന വിജയശതമാനം പഠനനിലവാരം ഉയർന്നതിന്റെ തെളിവാണെന്ന് അവകാശപ്പെടുന്നതിന് ന്യായീകരണങ്ങളുണ്ടോ; സർക്കാർ ഈ വിഷയം പഠനവിധേയമാക്കിയിട്ടുണ്ടോ;

(സി) കുട്ടികൾ ഏതു വിഷയങ്ങളിലാണ് കൂടുതൽ മികവു നേടുന്നതെന്നും ഏതേതു വിഷയങ്ങളിലാണ് അവർക്ക് താത്പര്യം കുറവെന്നും കണ്ടെത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കേരളീയരായ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ എന്തൊക്കെ പദ്ധതികളാണ് സ്കൂൾതലത്തിൽ ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴയിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കാൻ നടപടി</u>

1000 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വടക്കൻ മേഖലയിലുള്ള സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഏതെല്ലാം സ്ക്കൂളുകളിൽ മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സുകൾ പഠിപ്പിക്കുന്നുണ്ട്; പ്രസ്തുത പ്രദേശത്തെ നിരവധി പാവപ്പെട്ട കുട്ടികൾ ആശ്രയിക്കുന്ന ഒരു തൊഴിൽ മേഖലയാണ് ഇത് എന്നതിനാൽ കൂടുതൽ വൊക്കേഷണൽ സ്ക്കൂളുകളിൽ ഈ കോഴ്സ് ആരംഭിക്കണമെന്നകാര്യം പരിഗണിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്നവിധം അർത്തുങ്കലിലും, പട്ടണക്കാട്ടുമുള്ള സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകൾക്ക് പൈതൃക പദവി</u>

1001 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൻപതു വർഷത്തിലധികം പഴക്കമുള്ളതും രണ്ടായിരത്തിലധികം കുട്ടികൾ പഠിക്കുന്നതുമായ എത്ര പ്രൈമറി സ്കൂളുകളാണ് സംസ്ഥാനത്തുള്ളത്;

(ബി) ഇത്തരം എത്ര സ്കൂളുകളാണ് കണ്ണൂർ ജില്ലയിലുള്ളത്; അവ ഏതെല്ലാമാണ്;

(സി) ഇത്തരം സ്കൂളുകൾക്ക് പൈതൃകപദവി നൽകി സംരക്ഷിക്കുന്നതിനുള്ള പദ്ധതിയെ സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) ഇതിനായി ബജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) പൈതൃകപദവി നൽകി സംരക്ഷിക്കുന്ന സ്കൂളുകൾക്ക് എന്തെല്ലാം പദ്ധതികളാണു നടപ്പിലാക്കുന്നത് ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അംഗീകാരം ലഭിച്ച അണ്‍ എയിഡഡ് വിദ്യാലയങ്ങള്‍</u>

1002 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എല്‍. പി, യു. പി, ഹൈസ്കൂള്‍, ഹയര്‍സെക്കണ്ടറി വിഭാഗങ്ങളിലായി അംഗീകാരം ലഭിച്ച എത്ര അണ്‍ എയിഡഡ് വിദ്യാലയങ്ങള്‍ പ്രവര്‍ത്തിച്ചുവരുന്നുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ; പ്രസ്തുത സ്കൂളുകളില്‍ എത്ര വിദ്യാര്‍ത്ഥികളും അധ്യാപകരും ഉണ്ട്;

(ബി) സംസ്ഥാനത്ത് അംഗീകാരം ലഭിച്ച എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. വിദ്യാലയങ്ങള്‍ പ്രവര്‍ത്തിച്ചുവരുന്നുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ; പ്രസ്തുത വിദ്യാലയങ്ങളില്‍ എത്ര വിദ്യാര്‍ത്ഥികളും അധ്യാപകരും ഉണ്ട്; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പുതുതായി എൻ. ഒ. സി. നൽകിയ അൺഎയിഡഡ് സ്കൂളുകൾ</u>

1003

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് സംസ്ഥാനത്ത് സർക്കാർ അംഗീകാരത്തോടെ പ്രവൃത്തിച്ചുവന്ന സി. ബി. എസ്. ഇ. , ഐ. സി. എസ്. ഇ. സ്കൂളുകൾ എത്രയായിരുന്നു;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി എൻ. ഒ. സി. നല്കിയവ എത്ര; എൻ. ഒ. സി. നല്കുന്നതിനായി ഇപ്പോൾ പരിഗണിയിലിരിക്കുന്ന സ്കൂളുകൾ എത്ര; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കുട്ടികളുടെ എണ്ണക്കുറവ് മൂലം അടച്ചുപൂട്ടേണ്ടിവന്ന സർക്കാർ എയ്ഡഡ് സ്കൂളുകൾ എത്ര; കുട്ടികളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെട്ടു തുടങ്ങിയ സർക്കാർ-എയിഡഡ് സ്കൂളുകൾ എത്ര?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ അഡീഷണൽ ബാച്ച് അനുവദിക്കാൻ നടപടി</u>

1004

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം പ്ലസ് വണിന് അഡീഷണൽ ബാച്ചുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആലപ്പുഴ ജില്ലയിൽ ഏതെല്ലാം ഹയർ സെക്കന്ററി സ്കൂളുകളിലാണ് അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ആലപ്പുഴ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ സയൻസ് വിഭാഗത്തിലും ഗവൺമെൻറ് മുഹമ്മദൻസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ കോമേഴ്സിനും ഓരോ അഡീഷണൽ ബാച്ചുകൾ ഈ അധ്യയന വർഷം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>എയ്ഡഡ് മേഖലയിൽ പുതുതായി പ്ലസ്ടു, ഹയർസെക്കന്ററി സ്കൂളുകൾ</u>

1005 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിൽ പുതുതായി പ്ലസ്ടു കോഴ്സോ ഹയർസെക്കന്ററി സ്കൂളുകളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എത്ര എയ്ഡഡ് മാനേജുമെന്റുകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഹയർ സെക്കന്ററി സ്കൂളുകളോ, വി.എച്ച്.സി.കളോ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്;

(സി) പുതുതായി ഹയർ സെക്കന്ററി സ്കൂളുകളുടെ ആവശ്യകത പഠിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>മലബാറിൽ പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾ</u>

1006 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് എയ്ഡഡ്/സർക്കാർ മേഖലയിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടങ്ങളിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഈ വർഷം തന്നെ ആരംഭിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>തൊടക്കാട് ജി.എം.ആർ.എസിൽ പ്ലസ്ടു</u>
<u>അനുവദിക്കുന്നതിന് നടപടി</u>

1007 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തൊടക്കാട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന ജി.എം.ആർ.എസിൽ പ്ലസ്ടു കോഴ്സ് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ ഈ കോഴ്സ് എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>വൈപ്പിന്‍ ദ്വീപില്‍ പുതുതായി പ്ലസ് ടു സ്കൂളുകള്‍ അനുവദിക്കാന്‍ നടപടി</u>

1008 ശ്രീ.എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനസാന്ദ്രതയേറിയ വൈപ്പിന്‍ ദ്വീപിലെ എസ്.എസ്.എല്‍.സി. പാസ്സാകുന്ന വിദ്യാര്‍ത്ഥികളില്‍ പകുതിപ്പേര്‍ക്കു മാത്രമേ ദ്വീപില്‍ പ്ലസ് വണ്‍ അഡ്മിഷന്‍ ലഭിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ നിലവില്‍ പ്ലസ്ടു സ്കൂളുകള്‍ ഇല്ലാത്ത വൈപ്പിന്‍ മണ്ഡലത്തിലെ പഞ്ചായത്തുകളില്‍ പുതുതായി പ്ലസ്ടു അനുവദിക്കാന്‍ നടപടി സ്വീകരിക്കുമോ;

(ബി) പ്ലസ് വണ്‍ കോഴ്സിനുള്ള അനുമതിക്കായി വൈപ്പിന്‍ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ അപേക്ഷകള്‍ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകളിന്‍മേല്‍ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം

1009 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1989 മുതൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു കാരണത്താലാണ് ആസ്ഥാനം മാറ്റുന്നതെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഓപ്പൺ സ്കൂൾ ആസ്ഥാനം മാറ്റുന്നതിനെതിരെ ശക്തമായ പ്രതിഷേധ സമരങ്ങൾ ഉയർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിൻമേൽ സർക്കാർ നിലപാടെന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം മാറ്റുന്ന നടപടി

1010 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം തിരുവനന്തപുരത്തു നിന്നും മാറ്റുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ആസ്ഥാനം മാറ്റുന്നതിന്റെ മുന്നോടിയായി മലപ്പുറത്ത് ഓപ്പൺ സ്കൂളിന് റീജിയണൽ കേന്ദ്രം തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഓപ്പൺ സ്കൂൾ ആസ്ഥാനം തിരുവനന്തപുരത്തു നിന്നും മാറ്റേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് കേരളയുടെ പ്രവർത്തനങ്ങൾ**

1011 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനോവൈകല്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി പാങ്ങപ്പാറയിൽ സ്ഥാപിക്കപ്പെട്ട സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) കേരളയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ അഴിമതിയും ധൂർത്തും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവൃത്തിച്ചുവന്ന പ്രസ്തുത സ്ഥാപനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ടുവന്നത് എന്ത് ഉദ്ദേശത്തോടുകൂടിയായിരുന്നു;

(ഡി) ഏതെല്ലാം തസ്തികകളിൽ ആരെല്ലാം ഈ സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്; അന്തേവാസികളെത്ര; സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ഏറ്റവും ഒടുവിലത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ പ്രവർത്തനം</u>

1012 ശ്രീ.എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ ഇപ്പോഴത്തെ മാനേജർ ആരാണ്; സ്ക്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തികൊണ്ടു പോകുന്നതിന് നിലവിൽ മാനേജരുടെ ചുമതല വഹിക്കുന്നവർ കാര്യമായി ശ്രദ്ധിക്കുന്നില്ലാ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ക്കൂളിൽ ഹയർ സെക്കണ്ടറി അനുവദിച്ചിട്ടും ഇതിനായുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനും, അനുവദിപ്പിക്കാനും മാനേജ്മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) 2013–14 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിനും അദ്ധ്യാപക നിയമനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

## ജി.എച്ച്.എസ്.എസ്. വെളിയങ്കോടിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കോഴ്സ് മാറ്റം

1013 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. വെളിയങ്കോടിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ രണ്ട് "+1 സയൻസ്" ബാച്ചുകളുള്ളതിൽ ഒരെണ്ണം ആവശ്യത്തിന് കുട്ടികൾ ഇല്ലാത്തതുമൂലം ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടത്തെ രണ്ട് സയൻസ് ബാച്ചുകളിലൊന്ന് കോമേഴ്സ് ആക്കി മാറ്റുന്നതിന് 2011 മുതൽ നിരന്തരം കത്തുകളും നിവേദനങ്ങളും നൽകിയെങ്കിലും നാളിതുവരെ അത് പരിഗണിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോമേഴ്സ്, കമ്പ്യൂട്ടർ വിഷയങ്ങൾക്ക് ധാരാളം കുട്ടികൾ ചേരാനാഗ്രഹിക്കുന്ന ഇവിടെ 2013-14 വർഷത്തെ +1 ബാച്ചിൽ നിലവിലുള്ള രണ്ട് സയൻസ് ബാച്ചുകളിലൊന്ന് കോമേഴ്സ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഹൈസ്കൂളുകളായി ഉയർത്തിയ ആർ.എം.എസ്.എ. സ്കൂളുകൾ</u>

1014 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂളുകളായി ഉയർത്തിയ എത്ര ആർ.എം.എസ്.എ. സ്കൂളുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് മതിയായ കെട്ടിടങ്ങളും, ആവശ്യത്തിന് ജീവനക്കാരെയും അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡം

1015 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സി. ബി.എസ്. ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അനുമതി നല്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) മാനദണ്ഡങ്ങൾ ലംഘിച്ച് പല സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട് എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്ഥലംമാറ്റ മാനദണ്ഡങ്ങള്‍</u>

1016 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സ്ഥലമാറ്റത്തിന് മാനദണ്ഡങ്ങള്‍ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ആയത് എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി. ചോദ്യപേപ്പർ പ്രിന്റിംഗ് ചെലവ്</u>

1017 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എസ്.എസ്.എൽ.സി. പൊതു പരീക്ഷയുടെ ചോദ്യപേപ്പർ പ്രിന്റിംഗിന് 2000 മുതൽ 2013 വരെയുള്ള ചെലവ് വർഷം തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള എസ്.എസ്.എ. ഫണ്ട്

1018 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കായി ഓരോ ജില്ലയ്ക്കും വകയിരുത്തിയിരുന്ന എസ്.എസ്.എ. ഫണ്ട് എത്ര;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം എസ്.എസ്.എ. ഫണ്ട് പൂർണ്ണമായി ചെലവഴിച്ചോ; കേന്ദ്ര വിഹിതം കുറയാനിടയായിട്ടുണ്ടോ;

(സി) ഈ വർഷം എസ്.എസ്.എ. ഫണ്ടിൽ കുറവുണ്ടായിട്ടുണ്ടോ; മാതൃകാ പ്രീ-പ്രൈമറി സ്കൂളുകൾക്ക് ഈ വർഷം എസ്.എസ്.എ. ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) എസ്.എസ്.എ. പദ്ധതിയുടെ ഭാഗമായി പെൺകുട്ടികളുടെ വിദ്യാഭ്യാസം, പഠനപരിപോഷണ പരിപാടി എന്നിവയ്ക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഉപരിപഠനം</u>

1019 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഉപരിപഠനം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഉപരിപഠനത്തിന് യോഗ്യത നേടിയവരുടെയും ഉപരിപഠന സാധ്യതകളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഉപരിപഠനം ഉറപ്പ് വരുത്താൻ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>എൽ.എസ്.എസ്, യു.എസ്.എസ്. പരീക്ഷകൾ</u>

1020 ശ്രീ. ടി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാസമയം സർട്ടിഫിക്കറ്റുകളും സ്കോളർഷിപ്പ് തുകയും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്കോളർഷിപ്പ് തുകയായി 100 രൂപ ഏതുവർഷം മുതലാണ് ഏർപ്പെടുത്തിയിരിക്കുന്നത്; ഇത് ആയിരം രൂപയെങ്കിലും ആക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>മലയാളം മീഡിയം സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ</u>

1021 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളം മീഡിയത്തിൽ പ്രവർത്തിക്കുന്ന എൽ.പി., യു.പി., ഹൈസ്കൂൾ വിദ്യാലയങ്ങളിൽ എത്ര ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം വിദ്യാലയങ്ങളുടെ പേരുവിവരം, ഡിവിഷനുകളും, മലയാളം, ഇംഗ്ലീഷ് മീഡിയങ്ങൾ തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(സി) ഇത്തരം സ്കൂളുകളിലെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് എന്തെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>മുതലമട ഹയർ സെക്കണ്ടറി സ്കൂളിൽ തമിഴ്മീഡിയം ആരംഭിക്കുന്നതിനുള്ള നടപടി</u>

1022 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മുതലമട ഹൈസ്കൂളിൽ തമിഴ് മീഡിയം ക്ലാസ്സുകൾ നിലവിലുളളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്താംതരം കഴിയുന്ന കുട്ടികൾക്ക് തമിഴ്ഭാഷ പഠിക്കാൻ സൗകര്യം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്താംതരം വരെ തമിഴ്ഭാഷ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പഠനത്തിനും തമിഴ് ഉപഭാഷ പഠിക്കുന്നതിനും മുതലമട ഹയർ സെക്കണ്ടറി സ്കൂളിൽ തമിഴ് മീഡിയം ഈ അധ്യയനവർഷം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ -അൺ എയിഡഡ് സ്കൂളികളിൽ മലയാളം നിർബന്ധമാക്കാൻ നടപടി</u>

1023 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ - അൺഎയ്ഡഡ് മേഖലയിൽ പ്രവർ ത്തിക്കുന്ന പല സ്കൂളുകളിലും മലയാളം പഠിപ്പിക്കുന്നില്ലെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്കൂളുകൾ ഏതൊക്കെയാണെന്നു വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം മുതൽ മലയാളം നിർബന്ധമാക്കുന്നതിനുളള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ടെക്നിക്കൽ ഹൈസ്കൂളുകളിലെ പഠനമാധ്യമം ഇംഗ്ലീഷ് ആക്കിയ നടപടി</u>

1024 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠന മാധ്യമം ഇംഗ്ലീഷ് ആക്കിയതുമൂലം മലയാളം മീഡിയത്തിൽ പഠിച്ചിരുന്ന സാധാരണക്കാരായ കുട്ടികൾക്ക് ഈ വർഷം ചേരാൻ പ്രയാസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം മലയാളം മീഡിയത്തിൽ പഠിച്ചിരുന്ന പാവപ്പെട്ട കുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസം അപ്രാപ്യമാവുകയും സ്വകാര്യ, അൺ എയ്ഡഡ് സ്കൂളിൽ നിന്നുള്ള കുട്ടികൾ മാത്രം ചേരുന്ന അവസ്ഥ സംജാതമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിച്ച് മലയാളം മീഡിയത്തിലും ടെക്നിക്കൽ സ്കൂളിൽ ക്ലാസ്സ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

സ്കൂളുകളിൽ പാഠപുസ്തക വിതരണം

1025 ശ്രീ.ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്ക്കൂളുകളിൽ പാഠപുസ്തക വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടോ; പാഠപുസ്തകം വിതരണം എന്ന് പൂർത്തീകരിക്കാനാവും?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

പെരിങ്ങോട്ട് കുറിശ്ശി ബമ്മണ്ണൂർ സ്ക്കൂളിലെ വികസന പ്രവർത്തനം

1026 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പ്രകാരം ഹൈസ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്ത സ്ക്കൂളുകളിൽ ഭൗതിക സൗകര്യങ്ങളൊന്നും ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടു കുറിശ്ശി ബമ്മണ്ണൂർ സ്ക്കൂളിൽ ആർ.എം.എസ്സ്.എ പ്രകാരം നടപ്പിലാക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾ ഇനിയും നടപ്പിലാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടും എന്തുകൊണ്ടാണ് കെട്ടിട നിർമ്മാണം നടത്താതിരുന്നത്;

(ഇ) 2013-14 അധ്യയന വർഷം കെട്ടിട നിർമ്മാണം ആരംഭിക്കാൻ എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാകുമോ?

## കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തിയ നടപടി</u>

1027 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര യു.പി. സ്കൂളുകളാണ് ഹൈസ്കൂളുകളായി ഉയർത്തിയത്;

(ബി) സർക്കാർ എയ്ഡഡ് മേഖലയിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ പ്ലസ് ടൂ പഠന സൗകര്യം</u>

1028

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്ലസ് ടൂ കോഴ്സ് പഠന സൗകര്യം ഇല്ല എന്നുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്ക് സ്വന്തം പഞ്ചായത്ത് പരിധിക്കുളളിൽതന്നെ പ്ലസ് ടൂ പഠന സൗകര്യം ലഭ്യമാക്കുന്നതിനായി പഴഞ്ഞി ഗവൺമെന്റ് ഹൈസ്കൂളിനോടനുബന്ധിച്ച് പ്ലസ് ടൂ കോഴ്സുകൾ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പോങ്ങനാട് ഹൈസ്കൂളിന്റെ വികസനം</u>

1029 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളാക്കി ഉയർത്തിയ പോങ്ങനാട് ഗവ. യു.പി. എസ്.ലേക്ക് അധ്യാപകരേയും ബന്ധപ്പെട്ട മറ്റ് ജീവനക്കാരേയും നിയമിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും കെട്ടിട നിർമ്മാണത്തിനും വിദ്യാഭ്യാസ വകുപ്പ് ഏതെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

**കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ**

1030 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ടെലഫോൺ കണക്ഷൻ ഇല്ലാത്ത ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകൾ ഏതെല്ലാം എന്നും അത് ഏത് പഞ്ചായത്തിൽ ആണെന്നും ഏത് വിദ്യാഭ്യാസ ഉപജില്ലയ്ക്ക് കീഴിൽ ആണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ കുടിവെള്ളത്തിന് സൗകര്യമില്ലാത്ത ഗവ/എയ്ഡഡ് സ്കൂളുകൾ ഏതെല്ലാം;

(സി) സ്കൂളുകളിലെത്താൻ റോഡ് സൗകര്യമോ ഫുട്ട്പാത്ത് സൗകര്യമോ ഇല്ലാത്ത ഗവ/എയ്ഡഡ് സ്കൂളുകൾ ഏതെല്ലാം;

(ഡി) കമ്പ്യൂട്ടർ സൗകര്യങ്ങൾ തീരെ ഇല്ലാത്ത ഗവ/എയ്ഡഡ് സ്കൂളുകൾ ഏതെല്ലാം;

(ഇ) എൽ.സി.ഡി. പ്രൊജക്റ്റർ ഇല്ലാത്ത ഗവ/എയ്ഡഡ് സ്കൂളുകൾ ഏതെല്ലാം;

(എഫ്) സ്മാർട്ട് ക്ലാസ്സ് റൂം ഇല്ലാത്ത സ്കൂളുകൾ ഏതെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടി**

1031 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡയറ്റിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം സ്തംഭനാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിനായി ഇതിനകം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട തുക കണക്കാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത തുക അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കാൻ
നടപടി സ്വീകരിക്കുമോ; എങ്കിൽ, എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് വൺ പഠനം ആരംഭിക്കുവാൻ നടപടി**

1032 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്ലസ് വൺ പഠന സൗകര്യമുള്ള ഒരു സ്കൂൾ പോലും നിലവില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് വൺ പഠനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികൾ അപേക്ഷ നൽകിയിരുന്നുവോ ; എങ്കിൽ ഇതിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ അപ്ഗ്രഡേഷൻ</u>

1033 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എയ്ഡഡ്/സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തീരുമാനപ്രകാരം ഏതൊക്കെ നിയമസഭാ മണ്ഡലങ്ങളിൽ ഏതെല്ലാം സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചു; എവിടെയെല്ലാം നടപ്പാക്കി; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇനിയും ഏതെല്ലാം സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഏതെല്ലാം മണ്ഡലങ്ങളിൽ അപ്ഗ്രേഡ് ചെയ്യാൻ ആലോചിച്ചുവരുന്നുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഏകാധ്യാപക വിദ്യാലയങ്ങൾ</u>

1034 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഏകാധ്യാപക വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ഏകാധ്യാപക വിദ്യാലയങ്ങളെയും എൽ.പി. സ്കൂളുകളാക്കി 2013-14 അധ്യയന വർഷം മുതൽ ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; വിശദമാക്കുമോ;

(സി) എൽ.പി. സ്കൂളുകളാക്കി ഉയർത്തുമ്പോൾ അവിടെ ജോലി ചെയ്ത അധ്യാപകരെ എപ്രകാരം ഉപയോഗിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏകാധ്യാപക വിദ്യാലയങ്ങളിൽ നിലവിൽ എത്ര കുട്ടികൾ പഠനം നടത്തിവരുന്നു; ഇത്തരം സ്കൂളുകളെ എൽ.പി. സ്കൂളുകളായി ഉയർത്തുമ്പോൾ അധ്യാപക-വിദ്യാർത്ഥി അനുപാതം ബാധകമല്ലെ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കരയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

1035 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. ഫണ്ടിലുൾപ്പെടുത്തി മാവേലിക്കരയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം പഞ്ചായത്തുകളിൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധിയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനാവശ്യമായ തുക അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**ഗവൺമെന്റ് സ്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമറി വിഭാഗം തുടങ്ങാൻ നടപടി**

1036 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ എത്ര പ്രീ പ്രൈമറി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം; ഇവിടങ്ങളിൽനിന്നും പരിശീലനം പൂർത്തിയാക്കി ഓരോ വർഷം എത്രപേർ പുറത്തുവരുന്നു;

(ബി) സർക്കാർ അംഗീകൃത പ്രീപ്രൈമറി ട്രെയിനിംഗ് സെന്ററുകൾ എത്ര എണ്ണമുണ്ട്; ഇവയിൽ നിന്നും പ്രതിവർഷം എത്രപേർ പരിശീലനം പൂർത്തിയാക്കി പുറത്തുവരുന്നു;

(സി) 2012 ഡിസംബറിനുശേഷം പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുവാനോ, നിയമനങ്ങൾ നടത്തുവാനോ പാടില്ല എന്ന സർക്കാർ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ;

(ഡി) പ്രീ പ്രൈമറി അധ്യാപകരെ നിയമിക്കുന്നതിനുള്ള യോഗ്യതകൾ എന്താണെന്ന് വിശദമാക്കുമോ ;

(ഇ) ഗവൺമെന്റ് സ്കൂളുകളോടനുബന്ധിച്ച് പിടി.എ.യ്ക്ക് കീഴിൽ പ്രീ പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രീ-പ്രൈമറി വിഭാഗത്തിൽ നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർക്കും യോഗ്യതയുള്ള അധ്യാപകർക്കും തുല്യമായ വേതനം നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>അധ്യാപക–വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചതിലെ അപാകത</u>

1037 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധ്യാപക–വിദ്യാർത്ഥി അനുപാതം ക്ലാസ് അടിസ്ഥാനത്തിൽ നിന്നും മാറ്റി, സ്കൂൾ അടിസ്ഥാനത്തിലാക്കിയത് വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഇതുമൂലം പല ക്ലാസ്സിലും അനുവദിക്കപ്പെട്ടതിൽ കൂടുതൽ കുട്ടികൾ ഇരിക്കേണ്ടിവരുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇതുമൂലം അധ്യാപക തസ്തിക കുറയുകയും, കുട്ടികൾ കുറവുള്ള സ്കൂളുകളിൽ ചില ക്ലാസ്സുകൾക്ക് അധ്യാപകർ തന്നെ ഇല്ലാതാവുകയും ചെയ്യുന്ന അവസ്ഥക്കുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അധ്യാപക വിദ്യാർത്ഥി അനുപാതം ക്ലാസ്തലത്തിൽ തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>ഒരേ വിദ്യാലയത്തിൽ സ്ഥിരമായി സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർ</u>

1038 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ ഒരേ വിദ്യാലയത്തിൽ പത്തിലധികം വർഷമായി സേവനമനുഷ്ഠിക്കുന്ന എത്ര അധ്യാപകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേര് വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ഒരേ കേന്ദ്രത്തിൽ അഞ്ചു വർഷക്കാലം തുടർച്ചമായി സേവനമനുഷ്ഠിക്കുന്ന വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയിൽ ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റുന്ന മാതൃകയിൽ അധ്യാപകരേയും സ്ഥലംമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഹയര്‍ സെക്കന്ററി സ്കൂളുകളില്‍ കായികാധ്യാപകരുടെ നിയമനം

1039 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹയര്‍സെക്കന്ററി സ്കൂളുകളില്‍ കായികാധ്യാപകരെ നിയമിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍, യുവാക്കളായ വിദ്യാര്‍ത്ഥികളുടെ കായിക വികാസത്തിന് പ്രസ്തുത സ്കൂളുകളില്‍ കായികാധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഐ.ടി. @ സ്കൂൾ ഡയറക്ടറെ തൽസ്ഥാനത്ത് നിന്നു മാറ്റിയ നടപടി</u>

1040 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി. @ സ്കൂൾ ഡയറക്ടറെ തൽസ്ഥാനത്ത് നിന്നു നീക്കാൻ ഡി.പി.ഐ. നിർദ്ദേശിച്ചിരുന്നോ ; ഇത്തരത്തിൽ നിർദ്ദേശിക്കാൻ ആധാരമായ വസ്തുതകൾ എന്തെല്ലാമാണ് ;

(ബി) ഡി.പി.ഐ. മാറ്റി നിർത്തിയ പ്രസ്തുത ഡയറക്ടർക്ക് ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; ഡി.പി.ഐ യുടെ കണ്ടെത്തലുകൾ സർക്കാർ തള്ളിക്കളയാൻ പ്രത്യേക അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഹയർ സെക്കൻഡറി അദ്ധ്യാപക തസ്തികകൾ

1041 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ അനുവദിച്ച ഹയർ സെക്കൻഡറി ബാച്ചു കളിലും സ്കൂളുകളിലുമായി എത്ര അദ്ധ്യാപക തസ്തികകൾ അംഗീകരിച്ചു നൽകാനുണ്ടെന്ന് എയ്ഡഡ്, സർക്കാർ മേഖലകൾ തരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പുതുതായി എത്ര സ്കൂളുകളിൽ ഹയർ സെക്കൻഡറി അനുവദിക്കാനും എത്ര സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുവാനും ആണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) മുൻ വർഷങ്ങളിൽ ഇവ അനുവദിച്ച സ്കൂളുകളിൽ, തസ്തികകൾ അനുവദിച്ച് അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പുതുതായി അനുവദിക്കുന്ന സ്കൂളുകളിലും ബാച്ചുകളിലുമായി എത്ര പുതിയ തസ്തികകൾ വേണമെന്നും അതിന് എത്ര ബാധ്യത വരുമെന്നും അറിയിക്കാമോ ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം</u>
<u>ജീവനക്കാരുടെ സ്ഥലംമാറ്റം</u>

1042 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ഒരേ കേന്ദ്രത്തിൽ തുടർച്ചയായി അഞ്ചു വർഷം സേവനമനുഷ്ഠിച്ചാൽ നിർബന്ധമായും സ്ഥലം മാറ്റുന്നതിന് നടപടികളാരംഭിച്ചത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ സ്ഥലംമാറ്റം നടപ്പിൽ വരുത്തുന്നതിന് ഏതെങ്കിലും ജീവനക്കാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെന്ന് വിശദമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിലെ ക്ലാസ് ഫോർ ജീവനക്കാർക്ക് അഞ്ച് വർഷത്തെ സേവനം പരിഗണിച്ച് നിർബന്ധ സ്ഥലംമാറ്റം അനുവദിക്കാറുണ്ടോ;

(ഡി) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ അഞ്ചു വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ച ജീവനക്കാർക്ക് നിർബന്ധ സ്ഥലംമാറ്റം അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഇ) അഞ്ചു വർഷത്തിലധികം തുടർച്ചയായി ഡി.പി.ഐ. ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേരു വിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാർ</u>

1043 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11-ൽ മലബാർ മേഖലയിൽ അനുവദിച്ച 136 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് തസ്തിക സൃഷ്ടിച്ച് നിയമനാംഗീകാരം നൽകി ശമ്പളം നൽകിത്തുടങ്ങിയത് എന്നുമുതലാണ് എന്നും അതുവരെ അവർക്ക് ദിവസവേതനം നൽകിയിരുന്നുവോ എന്നും വ്യക്തമാക്കുമോ;

(ബി) ഇതേ സ്കൂളുകളിൽ മാനേജർമാർ നിയമിച്ച ലാബ് അസിസ്റ്റന്റുമാർക്ക് അധ്യാപകർക്ക് നൽകിയ അതേ മാനദണ്ഡം സ്വീകരിച്ച് നിയമനാംഗീകാരം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ.യുടെ ഒഴിവുകൾ

1044 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ.യുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) സ്ക്കൂൾ വർഷം ആരംഭിച്ച സ്ഥിതിക്ക് എല്ലാ ഒഴിവുകളും റിപ്പോർട്ടു ചെയ്യാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 13.06.2013–ലെ മറുപടിക്ക്

<u>2013–2014–ൽ വിരമിക്കുന്ന പ്രൈമറി സ്കൂൾ അധ്യാപകർ</u>

1045 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–2014 അധ്യയന വർഷത്തിൽ മലപ്പുറം ജില്ലയിൽ എത്ര
മലയാളം പ്രൈമറി സ്ക്കൂൾ അധ്യാപകരാണ് വിരമിക്കുന്നത്; സ്ക്കൂളിന്റെ പേര് സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിരമിക്കലുകൾ മൂലമുണ്ടാകുന്ന ഒഴിവുകളിൽ
പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>വി.എച്ച്.എസ്.സി. പ്രിൻസിപ്പൽമാരുടെ നിയമനം</u>

1046 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–ലെ വി.എച്ച്.എസ്.സി. പ്രിൻസിപ്പൽമാരുടെ നിയമനങ്ങളിൽ ക്രമക്കേട് നടന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രിൻസിപ്പൽമാരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ട അപേക്ഷയിൽ മാനദണ്ഡങ്ങൾ ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അക്കാര്യം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം

1047 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നിലവിലുള്ളത് എന്നു വിശദമാക്കുമോ ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത്തരം സംവിധാനം നിലവിലില്ലാത്തത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് പുതുതായി ഈ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ വിദ്യാഭ്യാസ വകുപ്പു ജിവനക്കാരുടെ സ്ഥലം മാറ്റം</u>

1048

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നടപ്പുവർഷം വിദ്യാഭ്യാസ വകുപ്പിലെ എത്ര ജീവനക്കാരെ ഭരണപരമായ സൗകര്യാർത്ഥം എന്ന പേരിൽ സ്ഥലം മാറ്റിയിട്ടുണ്ട്;

(ബി) രേഖാമൂലം ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണോ ഇത്തരത്തിൽ ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുളളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കൻഡറി വിഭാഗത്തിലെ ലാബ് അസിസ്റ്റന്റ് തസ്തികകൾ</u>

1049

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് എയിഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെയും അനധ്യാപകരുടെയും നേരിട്ടുള്ള നിയമനത്തിന്റെയും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന്റെയും അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി നിലവിൽ വന്ന സമയത്ത് ലാബ് അസിസ്റ്റന്റുമാരുടെ എത്ര തസ്തിക ഉണ്ടായിരുന്നു എന്നും ഇതിലേയ്ക്ക് നിയമനം നടത്തിയത് എങ്ങനെയായിരുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ ലാബ് അസിസന്റുമാരുടെ എത്ര തസ്തികകൾ ഉണ്ടെന്നും എന്നുമുതലാണ് ഇതിൽ കുറവ് വരുത്തിയത് എന്നും വ്യക്തമാക്കുമോ;

(ഇ) മലബാർ മേഖലയിൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്ളുളുകളിൽ പ്രസ്തുത തസ്തിക എത്രയുണ്ടെന്നും എന്നാണ് തസ്തിക നിർണ്ണയം നടന്നത് എന്നും വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത തസ്തികയിലേയ്ക്കുളള നിയമനം നടത്തേണ്ടത് ഏതു വിധത്തിലാണെന്നും ഇതിന്റെ അനുപാതം എത്രയാണെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി പ്രിൻസിപ്പൽ ഒഴിവുകൾ</u>

1050 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി അനുവദിച്ച ഹയർ സെക്കന്ററി ഉൾപ്പെടെയുള്ള സ്കൂളുകളിൽ ഒഴിഞ്ഞു കിടക്കുന്ന പ്രിൻസിപ്പൽ തസ്തിക
കളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ഈ തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; എന്തു നടപടികളാണ് കൈക്കൊളളാൻ ഉദ്ദേശിക്കുന്നത്;

(ബി) ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തിക നോൺ ടീച്ചിംഗ് ആയി പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ജോലിഭാരം പരിഗണിച്ച് അതിനുളള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പ്രീ- പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം</u>

1051 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീ- പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും വേതനം നൽകിയില്ലെങ്കിൽ ഫയൽ കൈകാര്യം ചെയ്യുന്ന മുഴുവൻ ഗസറ്റഡ് ഓഫീസർമാരുടെയും ശമ്പളം തടയുമെന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര പ്രീ- പ്രൈമറി അദ്ധ്യാപകരും ആയമാരും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഇവർക്ക് എത്ര മാസത്തെ വേതനം കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) സർക്കാർ ഇവരുടെ വേതനം വർദ്ധിപ്പിച്ചിരുന്നുവോ; എങ്കിൽ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>യൂണിഫോം, ഉച്ചഭക്ഷണം എന്നിവയ്ക്ക് അനുവദിക്കുന്ന തുക</u>

1052 ശ്രീ.ആർ.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് യൂണിഫോം വാങ്ങുവാൻ എത്ര രൂപയാണ് സർക്കാർ നൽകുന്നത്; ഏതെങ്കിലും പ്രത്യേക കമ്പനിയുടെ തുണിത്തരങ്ങൾ മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) സർക്കാർ നൽകുന്ന തുക ഉപയോഗിച്ച് ടി കമ്പനിയുടെ തുണിത്തരങ്ങൾ വാങ്ങാൻ കഴിയുമോ; യൂണിഫോം വാങ്ങുന്നതിനുളള തുക വർദ്ധിപ്പിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം കൊടുക്കുന്നതിന് സർക്കാർ അനുവദിച്ച തുക ഏതൊക്കെ സ്ഥാപനങ്ങളിൽ മിച്ചം വന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇങ്ങനെ മിച്ചം വരാനിടയായത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ആൺകുട്ടികൾക്ക് സൗജന്യ യൂണിഫോം</u>

1053 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗജന്യ യൂണിഫോം പദ്ധതി സർക്കാർ/എയ്ഡഡ് മേഖലയിലെ ആൺകുട്ടികൾക്ക് കൂടി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആൺകുട്ടികൾക്കു കൂടി യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. സൗജന്യ യൂണിഫോം വിതരണം</u>

1054 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലകളിൽ എത്രാം ക്ലാസ് വരെയാണ് എസ്.എസ്.എ സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നത്;

(ബി) ഈ അധ്യയന വർഷം സൗജന്യ യൂണിഫോം വിതരണത്തിന് എസ്.എസ്.എ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ ചെലവാക്കേണ്ടി വരും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം പദ്ധതി</u>

1055 ശ്രീമതി. കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 അദ്ധ്യയന വർഷം തുടങ്ങിയിട്ടും ഒട്ടുമിക്ക സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കും പുസ്തകങ്ങൾ എത്തിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-2014 അധ്യയന വർഷം എത്ര പുസ്തകങ്ങളാണ് അച്ചടിച്ചത്; ആയതിന് എന്ത് തുക ചെലവഴിച്ചു;

(സി) സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം കൊടുക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ആയതിനായി സർക്കാർ എന്ത് തുക മാറ്റി വെച്ചിട്ടുണ്ട്; നാളിതുവരെ എന്ത് ചെലവായി; വിശദമാക്കുമോ;

(ഡി) എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും സൗജന്യ യൂണിഫോം പദ്ധതി 2013-14 അദ്ധ്യയന വർഷം മുതൽ നടപ്പിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്ത് തുക മാറ്റിവച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) സൗജന്യ യൂണിഫോം പദ്ധതിയുടെ പ്രയോജനം എത്ര കുട്ടികൾക്ക് ലഭിക്കും; വ്യക്തമാക്കുമോ;

(എഫ്) എത്ര സ്കൂളുകളിൽ പ്രധാനാധ്യാപകരില്ലാതെയാണ് അധ്യയന വർഷം ആരംഭിക്കുന്നത്; വ്യക്തമാക്കുമോ;

(ജി) ഈ അധ്യയന വർഷം ആരംഭിക്കുമ്പോൾ എത്ര ഡി.ഇ.ഒ.മാരുടെയും എത്ര ഡി.ഡി.മാരുടെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പരീക്ഷാ ഭവനിലെ തീർപ്പാകാത്ത ഫയലുകൾ</u>

1056

ശ്രീ. കെ ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവനിൽ എസ്. എസ്.എൽ. സി. ഡ്യൂപ്ലിക്കേറ്റ്, ജനന തീയതി തിരുത്ത് എന്നിവ സംബന്ധിച്ച് വടകര വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നിന്നും വരുന്ന ഫയലുകൾ കൈകാര്യം ചെയ്യുന്ന സി4, ബി. സി.4 എന്നീ സെക്ഷനുകളിൽ മെയ് 1 ന് തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന എത്ര ഫയലുകൾ ഉണ്ട് എന്നത് പേഴ്സണൽ രജിസ്റ്റർ, എം. ഒ. പി. അരിയർ ലിസ്റ്റ് എന്നിവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) തീർപ്പാകാത്ത ഫയലുകളിലെ അപേക്ഷകർ ആരെല്ലാം; പേര് വിലാസം, സ്കൂൾ എന്നിവ വ്യക്തമാക്കുമോ;

(സി) തീർപ്പാകാത്ത ഓരോ അപേക്ഷയും അതാത് സെക്ഷനിൽ എന്നാണ് ലഭിച്ചത് എന്നത് ഫയൽ നംപർ, പേഴ്സണൽ രജിസ്റ്ററിലെ സീരിയൽ നമ്പർ സഹിതം വ്യക്തമാക്കാമോ; ഫയലുകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്നത് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

എസ്.എസ്.എൽ.സി. ബുക്കിലെ അപാകതകൾ പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നടത്തിയ അദാലത്ത്

1057 ശ്രീ. എ. പ്രദീപ്കുമർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിലെ അപാകതകൾ പരിഹരിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ ഈ വർഷം വിദ്യാഭ്യാസ വകുപ്പ് അദാലത്ത് നടത്തിയിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വിശദമാക്കുമോ ;

(സി) പരിഹാരം കാണാത്ത എത്ര പരാതികൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

അറബി, മ്യൂസിക് അദ്ധ്യാപകര്‍ക്ക് യു.ജി.സി. സ്കെയില്‍ നല്‍കാന്‍ നടപടി

1058 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തില്‍പ്പെട്ട കോളേജ് അദ്ധ്യാപകര്‍ക്കാണ് യു.ജി.സി. നിരക്കില്‍ ശമ്പളം നല്‍കിവരുന്നത്;

(ബി) അറബിക്, മ്യൂസിക് എന്നീ വിഷയങ്ങള്‍ പഠിപ്പിക്കുന്ന കോളേജ് അദ്ധ്യാപകര്‍ക്ക് യു.ജി.സി ശമ്പളനിരക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 9-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാര്‍ശ എന്തായിരുന്നു; ശുപാര്‍ശ നടപ്പാക്കിയോ; വ്യക്തമാക്കുമോ;

(സി) മ്യൂസിക് കോളേജ് അദ്ധ്യാപകരെ യു.ജി.സി സ്കെയില്‍ നല്‍കുന്നതില്‍ നിന്നും ഒഴിവാക്കുകയുണ്ടായോ; ഇതിന് എന്തെങ്കിലും കാരണങ്ങള്‍ ഉണ്ടോ; ഇവര്‍ക്ക് യു.ജി.സി. നിരക്ക് നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവ വിതരണം ചെയ്യുന്നതിലെ കാലതാമസം</u>

1059 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലജില്ലകളിലെയും സ്കൂളുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്കസമുദായത്തിൽപ്പെട്ട കുട്ടികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസമുണ്ടായതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പരാതികൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം വിദ്യാഭ്യാസാനുകൂല്യങ്ങളെ ആശ്രയിച്ചു മാത്രം പഠനം നടത്തുന്ന കുട്ടികൾക്ക് നിശ്ചിതസമയത്തിനുള്ളിൽ ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യാത്ത ഉദ്യോഗസ്ഥരുടെ മേൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിദ്യാഭ്യാസവർഷാരംഭത്തിൽത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

**സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. എന്നിവയുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്താൻ നടപടി**

1060 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് (സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ.) സിലബസുകളിൽ 2013–2014 അക്കാദമിക് വർഷത്തിൽ പത്താം ക്ലാസിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്;

(ബി) സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സിലബസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തുന്നില്ലെന്ന കാര്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംവരണാനുകൂല്യങ്ങളുൾപ്പടെയുള്ള ആവശ്യത്തിനായി ഓരോ തവണയും രക്ഷകർത്താക്കൾക്ക് വില്ലേജ് ഓഫീസുകൾ ഉൾപ്പടെയുള്ള ഓഫീസുകൾ കയറി ഇറങ്ങേണ്ട സ്ഥിതി കണക്കിലെടുത്ത് സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. യുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥിയുടെ ജാതി രേഖപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 13.06.2013–ലെ മറുപടിക്ക്

ജാതി തെറ്റായി രേഖപ്പെടുത്തിയത് തിരുത്തുന്നതിന് നടപടി

1061

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡ്മിഷൻ രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള ജാതി എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റിൽ തിരുത്തി നൽകണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ജാതി തിരുത്തിക്കിട്ടുന്നതിന് നിലവിലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ റിക്കാർഡ് കൂടി എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റിനൊപ്പം ഹാജരാക്കണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കുമാരി രേവതി, നന്ദനം, ആർ. പി. ലൈൻ, കവടിയാർ പി. ഒ. തിരുവനന്തപുരം–3 നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.06.2013–ലെ മറുപടിക്ക്

<u>കേരള ഫ്യൂച്ചര്‍ സ്കൂള്‍സ്</u>

1062 ശ്രീ. വി. പി. സജീന്ദ്രന്‍
,, അന്‍വര്‍ സാദത്ത്
,, ഐ. സി. ബാലകൃഷ്ണന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് 'കേരള ഫ്യൂച്ചര്‍ സ്കൂള്‍സ്' സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) സര്‍ക്കാര്‍ സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുവാനും ഇതിനായി വിഭവസമാഹരണം നടത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയില്‍ ഉള്‍ക്കൊളളിച്ചിട്ടുളളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>ജനന തീയതി, ജാതി എന്നിവ തിരുത്താനുള്ള അപേക്ഷകളിലെ കാലതാമസം</u>

1063 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവനിൽ എസ്.എസ്.എൽ.സി ഡ്യൂപ്ലിക്കേറ്റിനും ജനനതീയതി, ജാതി എന്നിവ തിരുത്താനുമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം കാരണം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ നിന്നും ഈയിനത്തിൽ ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവ എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പരീക്ഷാ ഭവനിൽ എക്സ്/ബിബി3/99570/2012, എക്സ്/ബിബി3/8276/2013 എന്നീ അപേക്ഷകളിൻ മേലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദീകരിക്കുമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തിരുത്തിയ സർട്ടിഫിക്കറ്റ് എന്നത്തേക്ക് നൽകാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ഐ.ടി. അറ്റ് സക്കൂളിന്റെ പ്രവര്‍ത്തനത്തിലെ ക്രമക്കേടുകള്‍

1064 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, എ. പ്രദീപ്കുമാര്‍
,, എം. ഹംസ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ.ടി. അറ്റ് സ്ക്കൂളിന്റെ പ്രവര്‍ത്തനം സര്‍ക്കാര്‍ വിലയിരുത്തിയിട്ടുണ്ടോ; ഈ സ്ഥാപനത്തില്‍ നടന്നുവരുന്ന ക്രമക്കേടുകള്‍ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ഐ.ടി. അറ്റ് സ്ക്കൂളിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ഉയര്‍ന്നു വരുന്ന പരാതികള്‍ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തില്‍ സര്‍ക്കാര്‍ തലത്തില്‍ എന്തെങ്കിലും നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ;

(ഡി) ഡി.പി.ഐ.യെ മറികടന്നാണ് ഐ.ടി. അറ്റ് സ്ക്കൂളില്‍ പല പ്രധാന തീരുമാനങ്ങളും കൈക്കൊള്ളുന്നതെന്ന കാര്യം സര്‍ക്കാരിനറിവുള്ളതാണോ; ഇക്കാര്യത്തില്‍ ഡി.പി.ഐ.ക്കുള്ള അതൃപ്തി സര്‍ക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) ഐ.ടി. അറ്റ് സക്കൂള്‍ ഡയറക്ടറെ തല്‍സ്ഥാനത്തുനിന്നും നീക്കം ചെയ്ത നടപടി റദ്ദാക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(എഫ്) ഈ സ്ഥാപനത്തില്‍ നടക്കുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്താന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

കോളേജുകൾക്ക് സ്വയംഭരണാവകാശം

1065 ശ്രീ. എം.എ. ബേബി
ഡോ. കെ.ടി. ജലീൽ
ശ്രീ. റ്റി.വി. രാജേഷ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച നയം എന്താണ്; വിശദമാക്കാമോ;

(ബി) സ്വയംഭരണാവകാശം നൽകുന്നതിന്റെ ഗുണദോഷവശങ്ങളെ സംബന്ധിച്ച് പഠനം നടത്തുകയുണ്ടായോ; എങ്കിൽ എന്താണ് വിലയിരുത്തൽ;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരുമായും ബന്ധപ്പെട്ട അദ്ധ്യാപക–വിദ്യാർത്ഥി സംഘടനകളുമായും ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം വേദികളിൽ ഉയർന്നുവന്ന അഭിപ്രായം പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഈ അദ്ധ്യയനവർഷം തന്നെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള നീക്കം നടക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് പിന്നോക്ക–ദുർബല വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം അപ്രാപ്യമാകുന്നതിലേയ്ക്ക് ഈ നടപടി നയിക്കും എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ഉന്നതവിദ്യാഭ്യാസരംഗത്ത് കച്ചവടവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും നിലവാരത്തകർച്ചയ്ക്കും ഇടയാക്കുന്ന, സ്വയംഭരണാവകാശം നൽകാനുള്ള നടപടികളിൽനിന്നും പിന്തിരിയാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

**കോളേജുകൾക്ക് സ്വയംഭരണാവകാശം**

1066 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം സ്വയംഭരണം നൽകുന്നതു മൂലം എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ ;

(സി) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കോളേജുകളുടെ സ്വയംഭരണാവകാശം

1067 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം എത്ര;

(സി) കോളേജുകൾക്ക് സ്വയംഭരണം നൽകുന്നകാര്യത്തിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണാവകാശം</u>

1068

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മികച്ച കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെ; വിശദീകരിക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനായി സ്വീകരിച്ച മാനദണ്ഡം എന്തൊക്കെ; വിശദമാക്കുമോ;

(സി) സ്വയംഭരണാംഗീകാര സമിതിയുടെ ഘടനയും രൂപവും ഏതുവിധമാണ്; വ്യക്തമാക്കുമോ;

(ഡി) സ്വയംഭരണാനുമതി നൽകുന്നതോടെ സർക്കാരിന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങൾ അവസാനിക്കുമോ;

(ഇ) ഈ അധികാരം ലഭിക്കുന്ന സ്ഥാപനങ്ങളുടെ സിലബസ്സുകൾ തയ്യാറാക്കുന്നതും പരീക്ഷകൾ നടത്തുന്നതും പ്രസ്തുത സ്ഥാപനങ്ങൾ തന്നെയായിരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>കോളേജുകളെ സ്വയംഭരണസ്ഥാപനങ്ങളാക്കുന്ന നടപടി</u>

1069 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകളെ ''സ്വയംഭരണ സ്ഥാപനങ്ങൾ'' ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആദ്യഘട്ടത്തിൽ ഏതൊക്കെ കോളേജുകളെയാണ് ആയതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അംബാനി-ബിർള റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം 'യൂസർ ഫീ' വഴി വിദ്യാഭ്യാസത്തിന്റെ ചെലവ് പൂർണ്ണമായും ഉപയോക്താവിൽനിന്നും ഈടാക്കണമെന്നുള്ള നിർദ്ദേശം നടപ്പിലാക്കിയതിന്റെ ഭാഗമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ സ്വയംഭരണ പദവി നൽകാൻ 2001-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ 'സ്വയംഭരണം' എന്ന 2001-ലെ യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനത്തിനെതിരെ ജനകീയ പ്രക്ഷോഭം വന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം മാറ്റിയത് ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിശദമാക്കുമോ?

(ഡി) 'സ്വയംഭരണ കോളേജുകൾ' വിദ്യാഭ്യാസ രംഗത്ത് വർഗീയവത്കരണവും വാണിജ്യവത്കരണവും സൃഷ്ടിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) 'സ്വയംഭരണ കോളേജുകൾ' തെരഞ്ഞെടുക്കുന്നതിനുള്ള സമിതിയുടെ അംഗങ്ങൾ ആരെല്ലാം; ഇതിന്റെ ചെയർമാൻ ആരാണ്; ഇത് യുജി.സി. നിബന്ധനകൾക്ക് വിധേയമാണോ; വിശദമാക്കുമോ;

(എഫ്) കോളേജുകളെ 'സ്വയംഭരണ' സ്ഥാപനങ്ങൾ ആക്കാനുള്ള തീരുമാനം പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള നിയമസഭ

13.06.2013–ലെ മറുപടിക്ക്

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

കോളേജുകളുടെ സ്വയംഭരണാവകാശം

1070 ശ്രീ. സി. ദിവാകരന്‍
'' ചിറ്റയം ഗോപകുമാര്‍
'' വി. ശശി
ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആര്‍ട്സ് ആന്റ് സയന്‍സ് കോളേജുകള്‍ക്കും എഞ്ചിനീയറിംഗ് കോളേജുകള്‍ക്കും സ്വയംഭരണാവകാശം നല്‍കാന്‍ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍, ഇതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വയംഭരണാവകാശത്തിനുവേണ്ടി സ്വയം ഭരണാവകാശ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) സ്വയംഭരണാവകാശം ലഭിക്കുന്ന കോളേജുകളിലെ പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, സര്‍ട്ടിഫിക്കറ്റ് വിതരണം, ഫീസ് തുടങ്ങിയ അക്കാദമിക് കാര്യങ്ങളുടെ നടത്തിപ്പ് എങ്ങനെയാകുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോളേജുകളുടെ സ്വയംഭരണാവകാശം ഉന്നത പ്രൊഫഷണല്‍ വിദ്യാഭ്യാസ മേഖലയില്‍ ദൂരവ്യാപകമായ പ്രത്യാഘാതങ്ങള്‍ ഉണ്ടാക്കുമെന്ന ആശങ്ക ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>സർക്കാർ എയിഡഡ് കോളേജുകൾ ആരംഭിക്കുവാൻ നടപടി</u>

1071 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു സർക്കാർ കോളേജോ, എയ്ഡഡ് കോളേജോ പോലുമില്ലാത്ത നിയമസഭാ മണ്ഡലങ്ങളിൽ സർക്കാർ കോളേജ് അനുവദിക്കുന്നതിന് തയ്യാറാകുമോ;

(ബി) പ്രസ്തുത കോളേജിനായി അഞ്ച് ഏക്കർ സർക്കാർ വക സ്ഥലം മണ്ഡലത്തിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് തയ്യാറാകുമോ;

(സി) വളരെ പിന്നോക്കം നിൽക്കുന്ന മലയോര പ്രദേശങ്ങളിലെ നിയമസഭാ മണ്ഡലങ്ങളിൽ ഒരു സർക്കാർ കോളേജോ, എയിഡഡ് കോളേജോ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിന്റെ അറ്റകുറ്റപ്പണി</u>

1072

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിന്റെ 'നാക്' അക്രഡിറ്റേഷന്റെ ഭാഗമായി അടിയന്തിര അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>മലപ്പുറം ആസ്ഥാനമാക്കി വനിതാ കോളേജ്</u>

1073 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ പകുതിയിലധികം പെൺകുട്ടികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ആസ്ഥാനമാക്കി ഒരു വനിതാ കോളേജ് ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നിശ്ചയിച്ച ഫീസിന്റെയും സീറ്റുകളുടെയും വിശദാംശം</u>

1074 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 വിദ്യാഭ്യാസ വർഷത്തിൽ സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകിയ ഫീസ് നിരക്കിന്റെ വിശദാംശം നൽകുമോ; സർക്കാർ കോളേജുകളുടെയും സ്വകാര്യ സ്വാശ്രയ കോളേജുകളുടെയും നിരക്കുകൾ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2012 ലും 2013 ലും 2011 ലുണ്ടായിരുന്ന നിരക്കിന്റെ എത്ര ശതമാനം വീതം വർദ്ധിപ്പിച്ച് നൽകുകയുണ്ടായി;

(സി) സംസ്ഥാനത്ത് ഓരോ പ്രൊഫഷണൽ കോഴ്സുകൾക്കും നിലവിൽ സർക്കാർ, സ്വാശ്രയ മേഖലകളിൽ ഉള്ള സീറ്റുകളുടെ എണ്ണം എത്ര;

(ഡി) ഈ സർക്കാരിന്റെ കാലത്ത് വിവിധ ഘട്ടങ്ങളിൽ ഫീസ് നിരക്ക് വർദ്ധിപ്പിച്ച് നൽകിയതിലൂടെ സർക്കാറിനും സ്വാശ്രയ സ്ഥാപനങ്ങൾക്കും ലഭിച്ച അധിക വരുമാനം എത്ര; വിശദമാക്കുമോ?

**കേരള നിയമസഭ**
**13.06.2013-ലെ മറുപടിക്ക്**

<u>സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റുകളുമായി അഡ്മിഷൻ സംബന്ധിച്ച് ചർച്ച</u>

1075 ശ്രീ.എ. കെ. ബാലൻ
ശ്രീ.രാജു എബ്രഹാം
ശ്രീ.പി. റ്റി. എ. റഹീം
ശ്രീമതി.പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റുകളുമായി അടുത്ത അദ്ധ്യയനവർഷത്തെ അഡ്മിഷൻ സംബന്ധിച്ച് ചർച്ചകൾ നടത്തിയിരുന്നുവോ; കരാർ ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ചർച്ചയിൽ അഡ്മിഷനിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നത് സംബന്ധിച്ച ആവശ്യങ്ങൾ മാനേജ്മെന്റുകൾ ഉന്നയിച്ചിരുന്നോ;

(സി) എഞ്ചിനീയറിംഗ് പ്രവേശനത്തിന് യോഗ്യതാമാർക്ക് കണക്കാക്കുന്നതിൽ നിലവിലുള്ള സമ്പ്രദായം എന്താണ്; ആയത് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള സാഹചര്യം എന്താണ്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് വിദഗ്ദ്ധ പഠനങ്ങളോ റിപ്പോർട്ടുകളോ ഉണ്ടായിരുന്നുവോ; എങ്കിൽ വിശദമാക്കാമോ;

(ഇ) ഇത്തരം നടപടിമൂലം പഠനനിലവാരം കുറയുമോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സർക്കാർ/അർദ്ധ സർക്കാർ/ സ്വകാര്യ/സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് സീറ്റുകളുടെ വിശദാംശം</u>

1076 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ (AICTE) അനുമതിയോടുകൂടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളെത്ര; എല്ലാ കോളേജുകളിലുമായി മൊത്തം എത്ര സീറ്റുകൾ ലഭ്യമാണ്; ഇതിൽ സർക്കാർ /അർദ്ധ സർക്കാർ മേഖലയിലെത്ര; സ്വകാര്യ/സ്വാശ്രയ മേഖലയിൽ എത്ര; വിശദമാക്കുമോ;

(ബി) മുൻവർഷം എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലുമായി എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയുണ്ടായി; സർക്കാർ/അർദ്ധ സർക്കാർ മേഖലയിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നു; സ്വകാര്യ- സ്വാശ്രയ മേഖലയിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നു;

(സി) ഏറ്റവും കൂടുതൽ സീറ്റുകൾ ഒഴിഞ്ഞുകിടന്ന പത്ത് എഞ്ചിനീയറിംഗ് കേളേജുകൾ ഏതൊക്കെ; ഏത്ര സീറ്റുകൾ വീതം ഒഴിഞ്ഞുകിടന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാര തകർച്ച

1077 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്, സഹകരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര സീറ്റുകളാണ് നിലവിലുള്ളത്; തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ആയതിൽ 2012-13 അധ്യയന വർഷം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര സീറ്റുകളാണ് ഒഴിഞ്ഞു കിടന്നത്; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം നിരവധി സീറ്റുകൾ ഒഴിഞ്ഞു കിടന്നിട്ടും 2013-14 അധ്യയന വർഷം എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പുതുതായി ആരംഭിക്കുവാനാണ് അനുമതി നൽകിയത്: വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഒട്ടുമിക്ക സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര തകർച്ചയെ സംബന്ധിച്ചും കുറഞ്ഞ വിജയ ശതമാനത്തെ സംബന്ധിച്ചും ബഹു. ഹൈക്കോടതി വിമർശിച്ച പശ്ചാത്തലത്തിൽ ഇവയുടെ നിലവാരം ഉയർത്തുന്നതിനും വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് ബി.ടെക്കിന് പത്ത് ശതമാനത്തിൽ താഴെ മാത്രം വിജയശതമാനമുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്; അവ ഏതെല്ലാം; വ്യക്തമാക്കുമോ;

(എഫ്) എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നിലവാരത്തകർച്ച നേരിടുമ്പോൾ എഞ്ചിനീയറിംഗ് പ്രവേശന അടിസ്ഥാന യോഗ്യത പരീക്ഷയിൽ ഗണിതശാസ്ത്രത്തിന് 50%-ൽ നിന്നും 45% മാർക്കായി കുറച്ചത് ഉന്നത വിദ്യാഭ്യാസ മേഖലയെ പിന്നോട്ട് തള്ളിവിടും എന്ന് കരുതുന്നുണ്ടോ;

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

(ജി) 2013-14ലെ എഞ്ചിനീയറിംഗ് യോഗ്യത പ്രവേശന പരീക്ഷയുടെ പ്രോസ്പെക്ടസിൽ ഗണിതശാസ്ത്രത്തിന് 50% മാർക്ക് ആവശ്യമാണെന്ന് കാണിക്കുകയും, തുടർന്ന് സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റുകളുടെ താത്പര്യങ്ങൾക്ക് വഴങ്ങി ആയത് 45% മാർക്ക് മതിയെന്നുമുള്ള സർക്കാർ തീരുമാനം ചട്ടവിരുദ്ധമല്ലേ; വിശദമാക്കുമോ;

(എച്ച്) ആയതിനാൽ പ്രസ്തുത എഞ്ചിനീയറിംഗ് യോഗ്യത പ്രവേശന പരീക്ഷയിന്മേലുള്ള സർക്കാർ തീരുമാനം പുനപരിശോധിക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് പരീക്ഷകളിലെ വിജയശതമാനം</u>

1078 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ (2013-14 വർഷത്തെ) ഫൈനൽ പരീക്ഷയിലെ വിജയശതമാനത്തിന്റെ അടിസ്ഥാനത്തിൽ കോളേജുകളുടെ പഠനനിലവാരവും ജയപരാജയകാരണങ്ങളും വിലയിരുത്തുകയുണ്ടായോ; വിശദമാക്കാമോ;

(ബി) സർക്കാർ/അർദ്ധസർക്കാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് അവസാനവർഷ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ എത്ര; വിജയം നേടിയവർ എത്ര; ആയത് മൊത്തം പരീക്ഷ എഴുതിയവരുടെ എത്ര ശതമാനമാണ്;

(സി) സ്വകാര്യ സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് അവസാനവർഷ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ എത്ര; വിജയം നേടിയവർ എത്ര; ആയത് മൊത്തം പരീക്ഷയെഴുതിവരുടെ എത്ര ശതമാനമാണ്;

(ഡി) അൻപത് ശതമാനത്തിൽ കുറവുമാത്രം വിജയം ഉണ്ടായ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ എത്ര; 30%-ത്തിൽ കുറവ് വിജയശതമാനം ഉണ്ടായവ എത്ര; ഏതെല്ലാം കോളേജുകൾ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ നിലവാരത്തകർച്ച</u>

1079 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം കുറഞ്ഞതായുള്ള ഹൈക്കോടതിയുടെ പരാമർശത്തെത്തുടർന്ന് രൂപീകരിച്ച വിദഗ്ധ സമിതി ന്യൂനതകൾ കണ്ടെത്തിയ കോളേജുകൾ ഏതെല്ലാം;

(ബി) പ്രസ്തുത കോളേജുകൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ എൻജിനീയറിംഗ് പ്രവേശന പരീക്ഷയിലെ ക്രമക്കേട്</u>

1080 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ സ്വന്തമായി പ്രവേശന പരീക്ഷ നടത്തുന്നതായും അതിലെ ചോദ്യപേപ്പറുകൾ മുൻകൂട്ടി കുട്ടികൾക്ക് നൽകി പ്രവേശന പരിക്ഷ നടത്തുന്നതായും സീറ്റുകൾ വൻകോഴ വാങ്ങി വില്പന നടത്തുന്നതായും വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ക്രമക്കേടുകൾ നടത്തുന്ന മാനേജ്മെന്റുകൾ നടത്തുന്ന പ്രവേശന പരീക്ഷ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം മാനേജ്മെന്റുകൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ ക്രമക്കേട്</u>

1081 ശ്രീ.ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മാനേജ്മെന്റുകൾ നടത്തുന്ന മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ ചോദ്യങ്ങൾ ചില ഉദ്യോഗാർത്ഥികൾക്ക് മുൻകൂട്ടി കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചോദ്യങ്ങൾ മുൻകൂറായി കൊടുത്തത് സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അന്വേഷണത്തിന്റെ ചുമതല നിർവ്വഹിക്കുന്നത്; പരീക്ഷകളിൽ ക്രമക്കേട് ബോദ്ധ്യപ്പെട്ടാൽ പരീക്ഷ റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

ട്രെയിനിംഗ് പാർട്ട്ണർ സ്കീം

1082 ശ്രീ. ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രെയിനിംഗ് പാർട്ട്ണർ സ്കീമിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

സിവിൽ സർവ്വീസ് അക്കാഡമിയും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും

T-1083 ശ്രീ. വി. പി. സജീന്ദ്രൻ
'' ലൂഡി ലൂയിസ്
'' എം. പി. വിൻസെന്റ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) അക്കാഡമിയുടെ പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ വിവരിക്കുമോ;

(സി) കഴിഞ്ഞ സിവിൽ സർവ്വീസ് പരീക്ഷയിൽ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാനായത്; വിശദീകരിക്കുമോ;

(ഡി) സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും സൗകര്യങ്ങളുമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കമ്മിറ്റികൾ

1084 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട പ്രൊഫ. ഹൃദയകുമാരി കമ്മറ്റി റിപ്പോർട്ട്, പ്രൊഫ. രവീന്ദ്രനാഥ് കമ്മിറ്റി റിപ്പോർട്ട്, പ്രൊഫ. തരീൻ കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയിൽ സർക്കാർ തുടരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ മൂന്ന് റിപ്പോർട്ടുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) ലബ്ബ കമ്മീഷൻ/കമ്മിറ്റി സർക്കാരിന്റെ മുൻപാകെ സമർപ്പിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെ; വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കമ്മിറ്റി ഇത് വരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; കമ്മിറ്റി ഇതുവരെ ചേർന്ന യോഗ നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; മിനിട്ട്സുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) അബ്ദുൾ അസീസ് കമ്മിറ്റിയ്ക്ക് വേണ്ടി സർക്കാരേതര ഏജൻസികൾ ആരെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പഠനം നടത്തിയെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>അക്കാഡമിക് സിറ്റി</u>

1085 ശ്രീ.റ്റി. എൻ. പ്രതാപൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.സി. പി. മുഹമ്മദ്
ശ്രീ.വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാഡമിക് സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

<u>ദുബായ് മാതൃകയിൽ അക്കാദമിക് സിറ്റി</u>

1086

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുബായ് മാതൃകയിൽ അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധമായ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത കേന്ദ്രം എവിടെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

'അക്കാദമിക് സിറ്റി'

1087 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് 'അക്കാദമിക് സിറ്റി' നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിനായി എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**<u>കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്കിനെ മോഡൽ പോളിടെക്നിക്ക് കോളേജായി ഉയർത്താൻ നടപടി</u>**

1088 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്കിനെ അത്യാധുനിക സൗകര്യങ്ങളുള്ള മോഡൽ പോളിടെക്നിക്ക് കോളേജായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലെ പോളിടെക്നിക്കിന് ആവശ്യമായ സൗകര്യങ്ങൾ അടിയന്തിരമായി നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**അന്തർസർവ്വകലാശാല കേന്ദ്രങ്ങൾ**

1089 ശ്രീ. സണ്ണി ജോസഫ്
,, വർക്കല കഹാർ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ആഴത്തിലുള്ള ഗവേഷണങ്ങളും പഠനങ്ങളും സാധ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>പുതിയ സാങ്കേതിക സര്‍വ്വകലാശാല</u>

1090 ശ്രീ. പാലോട് രവി
,, കെ. അച്ചുതന്‍
,, ജോസഫ് വാഴക്കന്‍
,, കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക സര്‍വ്വകലാശാലകള്‍ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം കോളേജുകളെയാണ് ഇതിന്റെ പരിധിയില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗേജ് സർവ്വകലാശാല കേന്ദ്രം

1091 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗേജ് സർവ്വകലാശാലയുടെ കേന്ദ്രം കേരളത്തിൽ സ്ഥാപിതമായിട്ടുണ്ടോ; എങ്കിൽ, എവിടെയാണ്;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കുവാൻ സാധിക്കും;

(സി) ഏതൊക്കെ കോഴ്സുകളാണ് പ്രസ്തുത കേന്ദ്രത്തിൽ ആരംഭിക്കുക; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

സർവ്വകലാശാലകൾക്ക് സ്വകാര്യ നിക്ഷേപം സ്വീകരിക്കുവാൻ അനുമതി

1092 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ മൂന്നു പദ്ധതികൾ നടപ്പിലാക്കുവാൻ സ്വകാര്യ നിക്ഷേപം സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും ആയതു സംബന്ധിച്ച് കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ നടന്ന ചർച്ചയുടെ മിനുട്സും ലഭ്യമാകുമോ;

(സി) കേരളത്തിൽ ഏതൊക്കെ സർവ്വകലാശാലകൾക്ക് സ്വകാര്യ നിക്ഷേപം സ്വീകരിക്കുവാൻ സർക്കാർ അനുമതി നൽകുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 13.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാലയിലെ സംഘടനാ പ്രവർത്തനം</u>

1093 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ വൈസ് ചാൻസലർ സംഘടനാ പ്രവർത്തനം നിരോധിച്ചതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനാധിപത്യ വിരുദ്ധമായ പ്രസ്തുത നടപടി സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

**കോഴിക്കോട് സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് അംഗത്തിനെതിരെ വിജിലൻസ് അന്വേഷണം**

1094 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിലെ ഒരു സിൻഡിക്കേറ്റ് അംഗത്തിനെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അംഗത്തെ സിൻഡിക്കേറ്റിൽ നിന്നും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ആയതിൻമേൽ ഇതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2013-ലെ മറുപടിക്ക്

അലിഗഢ് സർവ്വകലാശാലയുടെ ഓഫ് കാമ്പസ് സെന്റർ

1095 ശ്രീ. സി. മമ്മൂട്ടി
,, കെ.എൻ.എ. ഖാദർ
,, കെ. എം. ഷാജി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അലിഗഢ് സർവ്വകലാശാലയുടെ ഓഫ് കാമ്പസിനു വേണ്ടി അംഗീകരിച്ച ഡി.പി.ആർ. (ഡീറ്റൈൽഡ് പ്രോജക്ട്) ന്റെ വിശദവിവരങ്ങൾ നല്കാമോ ;

(ബി) ഡി.പി.ആർ. പ്രകാരം എന്തു തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

(സി) ഈ തുക ഉപയോഗിച്ച് ഏതൊക്കെ പ്രോജക്ടുകൾ ഏറ്റെടുക്കാനാകുമെന്നും ഏതൊക്കെ കോഴ്സുകൾ ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ ;

(ഡി) ഓഫ് കാമ്പസ് സെന്റർ പൂർണ്ണമായും സജ്ജമാക്കുവാൻ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തേണ്ടി വരുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 13.06.2013-ലെ മറുപടിക്ക്

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പ്രായം</u>

1096

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരുടെയും സർക്കാർ ജീവനക്കാരുടെയും പെൻഷൻ പ്രായം അൻപത്തി ആറ് ആക്കിയിട്ടും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പ്രായം അൻപത്തി അഞ്ച് ആയി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്കൃത സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?